# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:245** **07.08.2017**-ൽ മറുപടിക്ക്

## കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി

**ചോദ്യം** **മറുപടി**

**ശ്രീ.എ. പ്രദീപ്കുമാർ** **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**

(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| | കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയുടെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ? | | വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ നിർമ്മാണത്തിന് 14 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പി.എം.എസ്.എസ്.വൈ പദ്ധതി പ്രകാരം സംസ്ഥാന വിഹിതമായി 10 കോടി രൂപ അനുവദിച്ചു. പ്രസ്തുത തുകയിൽ 9 കോടി രൂപയുള്ള 3T MRI സ്കാനറും 1 കോടി രൂപയ്ക്ക് ഡ്യുയൽ സിടി സ്കാനറും വാങ്ങിക്കുന്നതിനു വേണ്ടി പണം KMSCL ലേക്ക് കൈമാറിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം മെഷിനറി ആന്റ് എക്യുപ്മെന്റ് ഹെഡിൽ 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആ തുക ചെലവഴിച്ച് എംബഡിങ്ങ് സ്റ്റേഷൻ (പത്തോളജി), വീഡിയോ എൻഡോസ്കോപ്പി സിസ്റ്റം, പോർട്ടബിൾ ഡയാലിസിസ് മെഷീൻ കളർ ഡോപ്ലർ യുഎസ്ജി, എച്ച് ഡി ക്യാമറ, കേയോ സർജിക്കൽ യൂണിറ്റ്, എച്ച്ഡി ലാപ്രോസ്കോപ്പി, എച്ച്ഡി ക്യാമറ സിസ്റ്റം തുടങ്ങിയ ഉപകരണങ്ങളും, ഹോസ്പിറ്റലിൽ ആവശ്യമായ ടെസ്റ്റുകൾക്കുള്ള റീ എജന്റുകൾ, കെമിക്കലുകൾ, വെന്റിലേറ്റർ അനസ്തേഷ്യ മെഷീൻ എന്നിവയും വാങ്ങിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം വിവിധ ചെലവുകൾക്കായി താഴെപ്പറയുന്ന തുകകളും അനുവദിച്ചിട്ടുണ്ട്. പ്ലാൻ ഹെഡുകൾ-17 MW – 2,00,00,000/- രൂപ (രണ്ട് കോടി)19 M&E – 4,00,00,000/- രൂപ (നാല് കോടി) 24 M&S – 4,00,00,000/- രൂപ (നാല് കോടി) 34 OC – 5,00,00,000/- രൂപ (അഞ്ച് കോടി) കൂടാതെ ഹോസ്പിറ്റലിൽ പേഷ്യന്റ് ഫ്രണ്ട് ലി അറ്റ്മോസ്ഫിയർ സൃഷ്ടിക്കുന്നതിനുവേണ്ടി 2 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ ഹോസ്പിറ്റലുകളുടെ അറ്റകുറ്റപണികൾക്കായും വിലകൂടിയ ഉപകരണങ്ങളുടെ പരിപാലനത്തിനുമായി 5.50 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ ക്യാപിറ്റൽ ഹെഡിൽ 10 കോടി രൂപയും അനുവദിച്ചു. ആ തുകയിൽ |

| | | | |
|---|---|---|---|
| | | | നിന്ന് രണ്ട് എക്സാം ഹാളിനായി 3.1 കോടി രൂപയും മോർച്ചറി കോംപ്ലക്സിനായി 2.6 കോടി രൂപയും ജീവനക്കാർക്ക് ഫ്ലാറ്റ് ടൈപ്പ് ക്വാർട്ടേഴ്സ് പണിയുന്നതിനായി 4.3 കോടി രൂപയും മാറ്റിവച്ചു കോഴിക്കോട് മെഡിക്കൽ കോളേജിലെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കി. കൂടാതെ 8 MLD പ്ലാന്റ് കൂടി നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ആർദ്രം പദ്ധതിയുടെ ഭാഗമായി ഹോസ്പിറ്റലിലെ ഒപി വിഭാഗത്തിന്റെ ആധുനികവൽക്കരണത്തിനു വേണ്ടി 7.15 കോടി രൂപയുടെ ഭരണാനുമതിയും ഈ കാലയളവിൽ നൽകിയിട്ടുണ്ട്. കൂടാതെ കുട്ടികൾക്കു വേണ്ടിയുള്ള റസിഡൻഷ്യൽ ക്വാർട്ടേഴ്സ്, ലക്ചർ തിയേറ്റർ കോംപ്ലക്സ്, ജറിയാട്രിക് വാർഡ്, പാരാമെഡിക്കൽ ഹോസ്റ്റൽ, ഗസറ്റഡ് ഓഫീസർമാർക്കുള്ള ഫ്ലാറ്റ് തുടങ്ങിയവയുടെ നിർമ്മാണത്തിനുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. അഡീഷണൽ ഫ്ലോർ ഫോർ എം.എച്ച് 3 ഹോസ്റ്റൽ & പിഎംആർ, മോഡേണൈസേഷൻ ഓഫ് ഡ്രഗ് സ്റ്റോർ, ഹോസ്റ്റൽ ഫോർ 250 സ്റ്റുഡന്റ്സ്, ടേർഷറി കാൻസർ സെന്റർ, പി.എം.എസ്.എസ്.വൈ പദ്ധതിയിൽ പുതിയ കാഷ്വാലിറ്റി ബ്ലോക്ക്, സുകൃതം പദ്ധതി തുടങ്ങിയവയുടേയും ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ